# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 20.06.2018-ൽ മറുപടിക്ക്

നമ്പർ.3398

## ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യുന്നതിനായി കൺഫർമേഷൻ

ചോദ്യം

ശ്രീ.കെ.എൻ.എ.ഖാദർ

ഉത്തരം

പിണറായി വിജയൻ

മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | പി.എസ്.സി. നടത്തുന്ന പരീക്ഷയുടെ ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യുന്നതിനായി കൺഫർമേഷൻ നൽകണമെന്ന വ്യവസ്ഥ ഏർപ്പെടുത്തിയിട്ടുണ്ടോ;ഇത് എന്നുമുതലാണ് പ്രാബല്യത്തിൽ വന്നത്;ഇത് നടപ്പിലാക്കിയ പരീക്ഷകൾ ഏതൊക്കെയെന്ന് വിശദമാക്കുമോ; | (എ) | 2018 ആഗസ്റ്റ് 15 മുതൽ എല്ലാ പരീക്ഷകൾക്കും ഹാൾ ടിക്കറ്റ് ഡൗൺലോഡിംഗുമായി ബന്ധപ്പെട്ട് confirmation നൽകണമെന്ന് തീരുമാനിച്ചിട്ടുണ്ട്. അതിനു മുന്നോടിയായി യഥാക്രമം 26.05.2018, 09.06.2018 എന്നീ തീയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്ന Civil Police Officer/Women Civil Police Officer, Company/Corporation Assistant എന്നീ പരീക്ഷകൾക്ക് കൺഫർമേഷൻ നൽകുന്ന രീതി അവലംബിക്കാൻ പി.എസ്.സി. തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | വിവിധ കാരണങ്ങളാൽ കൺഫർമേഷൻ നൽകാൻ കഴിയാത്ത ഉദ്യോഗാർത്ഥികൾ ഹാൾടിക്കറ്റ് ലഭ്യമാക്കണമെന്ന അപേക്ഷകൾ രേഖാമൂലം നൽകിയിട്ടുണ്ടോ;അപ്രകാരം ആവശ്യപ്പെട്ടവർക്ക് ഹാൾടിക്കറ്റ് അനുവദിച്ചിട്ടുണ്ടോ; | (ബി) | വിവിധ കാരണങ്ങളാൽ കൺഫർമേഷൻ നൽകുവാൻ കഴിയാത്ത ഉദ്യോഗാർത്ഥികൾ ഒരു അവസരം കൂടി നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. കൺഫർമേഷൻ നൽകുന്ന സമ്പ്രദായം Civil Police Officer/Women Civil Police Officer പരീക്ഷകൾക്ക് നടപ്പിലാക്കുന്നതായതിനാൽ confirmation നൽകാൻ കഴിയാത്ത ഉദ്യോഗാർത്ഥികൾക്ക് 3 ദിവസം കൂടി confirmation നൽകുന്നതിലേക്കായി നീട്ടി നൽകിയിരുന്നു. |
| (സി) | കൺഫർമേഷൻ നൽകിയ ശേഷം പരീക്ഷകൾ മാറ്റി വെക്കപ്പെട്ടാൽ പരീക്ഷാസെന്ററുകൾ മാറുന്നുവെങ്കിൽ എന്തു നടപടിക്രമമാണ് പാലിച്ചു വരുന്നത്;വീണ്ടും കൺഫർമേഷൻ നൽകേണ്ടി വരുമോയെന്ന് വ്യക്തമാക്കുമോ; | (സി) | വീണ്ടും കൺഫർമേഷൻ നൽകേണ്ടതില്ല. കൺഫർമേഷൻ നൽകി ഡൗൺലോഡ് ചെയ്ത അതേ ഹാൾ ടിക്കറ്റ് ഉപയോഗിച്ച് തന്നെ ഉദ്യോഗാർത്ഥികൾക്ക് പരീക്ഷ എഴുതാവുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | കൺഫർമേഷൻ നൽകാൻ കഴിയാത്ത ഉദ്യോഗാർത്ഥികൾക്ക് കൂടി പരീക്ഷക്ക് മുമ്പായി ഹാൾടിക്കറ്റ് ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | 26.05.2018 ന് നടക്കേണ്ടിയിരുന്ന Civil Police Officer/Women Civil Police Officer പരീക്ഷയ്ക്ക് കൺഫർമേഷൻ സമ്പ്രദായം ആദ്യമായി നടപ്പിലാക്കിയതിനാലാണ് 3 ദിവസം കൂടി കൺഫർമേഷൻ നൽകുന്നതിലേയ്ക്കായി ഇളവ് അനുവദിച്ചത്. തുടർന്നുള്ള പരീക്ഷകൾക്ക് ഇളവ് അനുവദിക്കേണ്ടതില്ലെന്ന് പി.എസ്.സി. തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ